(ഡി) കേരള മിനറൽ സ്ക്വാഡിലെ ദക്ഷിണമേഖലയിലെയും കൊല്ലം ജില്ലാ ഓഫീസിലെയും ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ആലപ്പാട് പഞ്ചായത്തിൽ അഴിക്കൽ എന്ന സ്ഥലത്തുവച്ച് അനധികൃതമായി കരിമണൽ കയറ്റിവന്ന കെ.എൽ. 23 ബി 2362 വാഹനം പിടിച്ചെടുക്കുകയും കരുനാഗപ്പള്ളി ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം ആലപ്പുഴയിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ പ്രത്യേക സ്ക്വാഡ് 572/2013, 667/13 നമ്പരുകളിലായി അനധികൃത കരിമണൽ കടത്തിന് രണ്ട് കേസുകൾ ഹരിപ്പാട് ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

കിനാനൂർ- കരിന്തളം പഞ്ചായത്തിൽ ലാറ്ററേറ്റ് ഖനനം

225 (4216) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ലാറ്ററേറ്റ് ഖനനത്തിന് ഏതൊക്കെ അപേക്ഷകർക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഓരോന്നിന്റെയും സ്ഥല വിസ്തൃതി എത്രയാണെന്നും അറിയിക്കാമോ ;

(ബി) ഖനനാനുമതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) കിനാനൂർ വില്ലേജിൽ ആശാപുരമൈൻഖേം ലിമിറ്റഡിന് നൽകിയ ഖനനാനുമതി പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പൊതുജനങ്ങളിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിച്ച കാര്യം സർക്കാർ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ സർക്കാർ നിലപാടിനെതിരെ നടത്തുന്ന തെളിവെടുപ്പ് നിർത്തിവെക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) (1) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്, പാപ്പിനിശ്ശേരി - സ്ഥല വിസ്തീർണ്ണം- 20.242 ഹെക്ടർ.

(2) എം. രഞ്ജിത്ത് കുമാർ, ജ്യോതി നഗർ, പൊള്ളാച്ചി, - സ്ഥല വിസ്തീർണ്ണം- 01.0117 ഹെക്ടർ എന്നിവർക്കാണ് അനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) കാസർഗോഡ് ജില്ലയിൽ കിനാനൂർ വില്ലേജിൽ റീസർവ്വേ നമ്പർ 198/പാർട്ട് ഉൾപ്പെടുന്ന 80.9370 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയിലിൽ 25-4-2007 തീയിയിലെ ജി.ഒ.(എം.എസ്.) 54/07/ ഐ.ഡി.നമ്പർ ഉത്തരവുപ്രകാരം ലാറ്ററേറ്റ് ഖനനത്തിലൂടെ ബോക്സൈറ്റ് ഉൽപ്പാദിപ്പിക്കുന്നതിന് മെ.ആശാപുര മൈൻഖേം ലിമിറ്റഡ്, മുംബൈ എന്ന കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വ്യാപക പരാതിയും പ്രസ്തുത ഭൂമി സീറോ ലാന്റ്ലെസ് സ്കീമിൽ ഉൾപ്പെട്ടതാണെന്ന കാസർഗോഡ് ജില്ലാകളക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് തുടർനടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അന്വേഷണം നടന്നുവരുന്നു.

(ഡി) ഉണ്ട്.

(ഇ) കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ലാറ്ററേറ്റ് ഖനനം ചെയ്യുന്നത് സംബന്ധിച്ച് ആശാപുരം മൈൻഖേം ലിമിറ്റഡിൽ നിന്ന് പൊതുതെളിവെടുപ്പ് നടത്തുന്നതിനുള്ള അപേക്ഷ ലഭിച്ചതിനെ തുർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം ഒരു പൊതു തെളിവെടുപ്പ് 20-1-2015-ന് കിനാനൂർ-കരിന്തളം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിയുടെ ആവശ്യപ്രകാരം നിയമാനുസൃതമായിട്ടുള്ള പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായാണ് പൊതുജനങ്ങളിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നത്. പരിസ്ഥിതി ആഘാത പഠനം നടത്തിയതുകൊണ്ട് മൈനിംഗ് ലീസ് അനുവദിക്കപ്പെടുന്നില്ല പാരിസ്ഥിതിക, സാമൂഹ്യ പ്രശ്നങ്ങളും പൊതുജനങ്ങളുടെ വികാരവും കണക്കിലെടുത്തു മാത്രമേ ഖനനാനുമതി നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുയുള്ളൂ.

കേരളത്തിലെ ധാതുവിഭവങ്ങൾ

226 (4217) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ധാതുവിഭവങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണ് ഇവ ഉള്ളതെന്നും എത്ര അളവിലാണ് ഓരോന്നും കാണപ്പെടുന്നതെന്നും വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly